## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

**പ്രവചന കാലയളവ് 29.01.2025 മുതൽ 02.02.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 04/2025 (8) ചൊവ്വാഴ്ച | തീയ്യതി 28/01/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 29.01.2025 | 30.01.2025 | 31.01.2025 | 01.02.2025 | 02.02.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0.1 | 0.1 | 0.1 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 12 | 8 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 80 | 80 | 90 | 90 | 80 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 4 | 7 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- പൊതുവെ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ:-** കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | ലക്ഷ്മി രോഗം | നെല്ലിൽ ലക്ഷ്മി രോഗം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | പോളരോഗം | നെല്ലിൽ കാണപ്പെടുന്ന പോളരോഗം നിയന്ത്രിക്കുന്നതിനായി നാല് ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകൊണാസോൾ മിശ്രിതം പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | പരിചരണ മാർഗ്ഗങ്ങൾ | കാറ്റിന്റെ വേഗത കൂടിവരുന്നതിനാൽ വാഴകൾക്കു താങ്ങുകാലുകൾ കൊടുക്കാവുന്നതാണ്. |
| കുരുമുളക് | സാവധാന വാട്ടം | കുരുമുളകിൽ കാണുന്ന സാവധാന വാട്ടരോഗത്തെ നിയന്ത്രിക്കുന്നതിനായി കുരുമുളക് ചെടിയുടെ ചുവട്ടിൽ വേപ്പിൻപിണ്ണാക്ക് ഇട്ടുകൊടുക്കുക. കൂടാതെ പീസിലോമൈസെസ് ലൈലാസിനസ് എന്ന മിത്ര ജീവാണുക്കൾ 25 ഗ്രാം വീതം ഓരോ ചെടിയുടെ ചുവട്ടിലും ഇട്ടുകൊടുക്കുക. രോഗം രൂക്ഷമാവുകയാണെങ്കിൽ മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് (COC) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണ് കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |
| മുളക് | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്കവിധം പത്ത് ദിവസം ഇടവേളകളിലായി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 8 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം:- തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കൊതുക് മുട്ടയിട്ടു പെരുകുന്നത് തടയുന്നതിന് വേണ്ട മുൻകരുതലുകൾ എടുക്കുക. (CAADECCS KVASU, Mannuthy)